സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: തിരുവിതാംകൂറിൽ പർച്ചേസിനുവേണ്ടി ഉദ്യോഗസ്ഥന്മാർ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂർ ഡിവിഷനിൽ ചില ഭാഗത്തു് പർച്ചേസിനു വേണ്ടി കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: പർച്ചേസ് നടത്തുന്നതിനു് ഈ ഉദ്യോഗസ്ഥന്മാർ വേണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലെടുപ്പു നടത്തുന്നതിനു് ഉദ്യോഗസ്ഥന്മാർ വേണം.

ശ്രീ. പി. കെ. ഡീവർ: ഈ പർച്ചേസ് അസിസ്റ്റൻറിൻെറ ജോലി എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ വില്ലേജിലുമുള്ള നിലമടമസ്ഥന്മാരുടെ ക്രോപ്പ് അസ്സസ്സ് ചെയ്യുക ഡിമാൻഡ് തയാറാക്കുക തുടങ്ങിയ കാര്യങ്ങളിൽ പാവു്ത്യകാരന്മാരോടു് സഹകരിച്ചു് മേലനേഷണം നടത്തുകയാണു്.

നല്ലേപ്പിള്ളി—വണ്ണാമട റോഡു്

*൯൪൦. (൨൪) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കിലെ നല്ലേപ്പിള്ളി—വണ്ണാമടറോഡു് അകപ്രിസിഷൻ പുത്തിയാക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ? ആ റോഡിൻെറ സ്ഥിതി എന്താണെന്നു ഗവണ്മെണ്ടു് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അകപ്രിസിഷൻ പുത്തിയാക്കുന്നതിനു് പ്രത്യേക തടസ്സമൊന്നുമില്ല. മിക്കവാറും സ്ഥലങ്ങൾ എടുത്തു കഴിഞ്ഞിട്ടുണ്ടു്. ബാക്കിയുള്ള സ്ഥലവിലകൊടുത്തുതിക്കാൻ നടപടികൾ എടുക്കുകയാണു്. റോഡു് പണിയുന്നതിനുള്ള എസ്റ്റിമെറു തയ്യാറാക്കിയിട്ടുണ്ടു്. തമസിയാതെ ടെൻറർ ക്ഷണിച്ചു പണി തുടങ്ങുന്നതാണു്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഈ റോഡു് പഞ്ചായത്തിൻെറ കീഴിലാണോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കേശവൻ കമ്മിറ്റി റിപ്പോർട്ടു്

*൯൫൨. (൨൪) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസവകുപ്പിനെയും ടെക്സ്റ്റ് ബുക്കുകളുടെ അംഗീകരണത്തെയും സംബന്ധിച്ചു കേശവൻ കമ്മിറ്റി ഗവണ്മെണ്ടിലേക്കു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്ര കാലമായി;

(സി) അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു പ്രസ്താവിക്കാമോ?

(ഡി) ആ നിർദ്ദേശങ്ങൾ ഗവണ്മെണ്ടു് സ്വീകരിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ടു്.

(ബി) ഏഴുമാസക്കാലമായി.

(c) (i) That the preparation, printing and publication of text books be taken over by the Government.

(ii) That a Board of Education be constituted with not more than eleven educationists;

(iii) That this Board be made responsible for prescribing.....

Mr. Speaker: Is it a long list of recommendations?

Sri. Panampilli Govinda Menon: Yes, Sir.

Mr. Speaker: That may be placed on the table.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (ഡി) ഇതുസംബന്ധിച്ചു് അവസാന തീരുമാനമുണ്ടായിട്ടില്ല.

സാഹിബ് ബഹദൂർ മഹമ്മദു് മുസ്തഫാ: എന്തുകൊണ്ടാണു് തീരുമാനം എടുക്കുന്നതിനു് ഇത്ര കാലതാമസം വന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ റിപ്പോർട്ടിൽ പറയുന്ന മിക്ക സംഗതികളും ഓരോന്നോരോന്നായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly